**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 41** **29-01-2024 - ൽ മറുപടിയ്ക്ക്**

**മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് കീഴിൽ എത്ര ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ്, സീനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികകൾ നിലവിലുണ്ട്; ഏതൊക്കെ ഓഫിസുകൾ, ലബോറട്ടറികൾ എന്നിവിടങ്ങളിൽ എത്ര തസ്തികകൾ വീതമാണ് നിലവിലുള്ളതെന്നും മേൽപ്പറഞ്ഞ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാരുടെ എണ്ണം അവസാനമായി നിർണയിച്ചത് എന്നാണെന്നും വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് കീഴിൽ 15 സീനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികകളും, 30 ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികകളുമാണ് നിലവിലുള്ളത്.<br><br>15 സീനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികകൾ 19.12.2022ലെ സ.ഉ.(സാധാ) നം. 98/2022/പരി നം. ഉത്തരവ് പ്രകാരം ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികകളായി തരംതാഴ്ത്തുകയും അതേ തുടർന്ന് നിലവിൽ 45 (30+15=45) ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികകൾ ആണ് നിലവിലുള്ളത്.<br><br>ചുവടെ ചേർക്കും പ്രകാരമാണ് മേൽ തസ്തികകളിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് കീഴിലുള്ള കാര്യാലയങ്ങളിൽ നിയമനം നൽകിയിരിക്കുന്നത്. |

| കാര്യാലയം | തസ്തികളുടെ എണ്ണം |
|---|---|
| ഹെഡ് ഓഫീസ് | 2 |
| സെൻട്രൽ ലബോറട്ടറി എറണാകുളം | 12 |
| ജില്ലാ ഓഫീസ് തിരുവനന്തപുരം | 2 |
| ജില്ലാ ഓഫീസ് കൊല്ലം | 2 |
| ജില്ലാ ഓഫീസ് ആലപ്പുഴ | 2 |
| ജില്ലാ ഓഫീസ് പത്തനംതിട്ട | 2 |
| ജില്ലാ ഓഫീസ് എറണാകുളം-2 | 2 |
| ഇ.എസ്.സി. ഏലൂർ | 2 |
| ജില്ലാ ഓഫീസ് കോട്ടയം | 2 |
| ജില്ലാ ഓഫീസ് ഇടുക്കി | 2 |

| | | | |
|---|---|---|---|
| | | | ജില്ലാ ഓഫീസ് തൃശ്ശൂർ – 2<br>ജില്ലാ ഓഫീസ് പാലക്കാട് – 2<br>ജില്ലാ ഓഫീസ് മലപ്പുറം – 2<br>റീജിയണൽ ലാബ് കോഴിക്കോട് – 3<br>ജില്ലാ ഓഫീസ് വയനാട് – 2<br>ജില്ലാ ഓഫീസ് കണ്ണൂർ – 2<br>ജില്ലാ ഓഫീസ് കാസർഗോഡ് – 2<br>**ആകെ** – **45**<br><br>സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാരുടെ എണ്ണം അവസാനമായി നിർണയിച്ചത് 03.10.2016ലെ സ.ഉ.(കൈ) നം. 8/2016/പരി നം. ഉത്തരവ് പ്രകാരമാണ്. |
| (ബി) | പ്രസ്തുത തസ്തികയിലെ ജീവനക്കാരുടെ എണ്ണം കാലാനുസൃതമായി പരിഷ്കരിക്കാത്തതിനാൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനത്തിൽ നിർണായകമായ ലബോറട്ടറി പരിശോധനകൾ യഥാസമയം പൂർത്തീകരിക്കാൻ സാധിക്കാതെ വരികയും തന്മൂലം ബോർഡിന്റെ കാര്യക്ഷമമായ പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചിരിക്കുകയും ചെയ്യുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (ബി) | ലബോറട്ടറി പരിശോധനകൾ യഥാസമയം പൂർത്തിയാക്കാനുതകുന്ന വിധമുള്ള നടപടികൾ സർക്കാർ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യത്തിൽ നിലവിൽ തീരുമാനമെടുത്തിട്ടില്ല. |
| (സി) | ബോർഡിന്റെ സ്വന്തം ഫണ്ടിൽ നിന്നും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനാൽ സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല എന്ന കാര്യം കൂടി പരിഗണിച്ചുകൊണ്ട് പ്രസ്തുത തസ്തികയിലെ ജീവനക്കാരുടെ എണ്ണം പരിഷ്കരിച്ച് കൂടുതൽ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | ലബോറട്ടറി പരിശോധനകൾ യഥാസമയം പൂർത്തിയാക്കാനുതകുന്ന വിധമുള്ള നടപടികൾ സർക്കാർ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യത്തിൽ നിലവിൽ തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ